(ബി) ഉണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2-12-2015 വരെ 39.80 കോടി രൂപ സബ്സിഡി ഇനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ കീഴിൽ 2-12-2015 വരെ 306635 റബ്ബർ കർഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത റബ്ബർ കർഷകരിൽ 124952 പേർ സബ്സിഡിക്കായി ബില്ല് സമർപ്പിച്ചിട്ടുണ്ട്. റബ്ബർ കർഷകർ സമർപ്പിച്ചിട്ടുള്ള സെയിൽസ് ഇൻവോയ്സ്/പർച്ചേസ് ബില്ലിന്റെ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ എത്രത്തോളം സബ്സിഡി തുക നല്കേണ്ടി വരുമെന്ന് വ്യക്തമാകുകയുള്ളൂ.

(ഡി&ഇ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2-12-2015 വരെ 39.80 കോടി രൂപ 92592 റബ്ബർ കർഷകർക്കായി സബ്സിഡിയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. സെയിൽസ് ഇൻവോയ്സ്/പർച്ചേസ് ബില്ലിന്റെ പരിശോധനയിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ വേണ്ട നിർദ്ദേശം റബ്ബർ ബോർഡിന് നല്കിയിട്ടുണ്ട്.

കോൾ വികസന പാക്കേജ്

158 (1629) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൾ വികസന പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; ഇതിനായി ചെലവഴിച്ച തുക എത്ര വീതമെന്നും അറിയിക്കാമോ;

(ബി) നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളും തുകയും എത്ര വീതമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) കോൾ വികസന പാക്കേജിൽ ഉൾപ്പെടുത്തി നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികൾ എന്നിവ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

നിറവ് പദ്ധതി

159 (1630) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിറവ് പദ്ധതിക്കായി കോങ്ങാട് മണ്ഡലത്തിൽ നിന്നും എത്തെല്ലാം പ്രൊപ്പോസലുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട് ; ആയതിന് എത്ര തുക അനുവദിച്ചുവെന്നുള്ള വിവരം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly